# ‘സൗരഭ്യം പകരുന്ന പ്രാർത്ഥന’

## ഉല്പത്തി 8:20,21

‘‘നോഹ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു, ശുദ്ധിയുള്ള സകല മൃഗങ്ങളിലും, ശുദ്ധിയുള്ള എല്ലാ പറവകളിലും ചിലത് എടുത്തു യാഗപീഠത്തിന്മേൽ ഹോമയാഗം അർപ്പിച്ചു. യഹോവ സൗരഭ്യവാസന മണത്തപ്പോൾ യഹോവ തന്റെ ഹൃദയാൽ അരുളി ചെയ്തത്; ഞാൻ മനുഷ്യന്റെ നിമിത്തം ഇനി ഭൂമിയെ ശപിക്കുകയില്ല.’’

ദൈവഹിതപ്രകാരം ജീവിച്ചുപോന്ന ഒരു ഭക്തനായിരുന്നുവല്ലോ നോഹ. എന്നാൽ അക്കാലത്ത് സകല മനുഷ്യരും വഷളന്മാരായി തിന്മ പ്രവർത്തിച്ച് ദൈവത്തോട് അനുസരണക്കേട് കാണിക്കുകയും തന്നിമിത്തം ദൈവകോപം അവരുടെ മേൽ ഉണ്ടാകുകയും ചെയ്യുന്നതായി നാം വായിക്കുന്നുവല്ലോ. എന്നാൽ നോഹയെയും കുടുംബത്തെയും രക്ഷിക്കുവാൻ വേണ്ടി ഒരു പെട്ടകം ഉണ്ടാക്കുവാൻ ദൈവം നോഹയോടു കല്പിക്കുകയും അതിൻപ്രകാരം നോഹയും കുടുംബവും, സകല സൃഷ്ടികളിൽ നിന്നും പെട്ടകത്തിൽ കയറിയവർ എല്ലാവരും രക്ഷപ്രാപിക്കുകയും ചെയ്തതൊക്കെയും നമുക്ക് വായിക്കുവാൻ കഴിയുന്നു.

ആ ജലപ്രളയത്തിനു ശേഷം ദൈവം നോഹയെയും സകല ജീവജാലങ്ങളെയും പെട്ടകത്തിനു പുറത്തിറക്കിയപ്പോൾ നോഹ ദൈവത്തിനു അർപ്പിക്കുന്നതായ യാഗം എപ്രകാരമുള്ളതാണെന്നാണ് മുകളിലത്തെ കുറിവാക്യത്തിൽ നാം വായിക്കുന്നത്. ഏറ്റവും വിശുദ്ധിയുള്ള യാഗമൃഗത്തെയാണ് നോഹ ദൈവത്തിനായി അർപ്പിച്ചത്. ഇന്ന് ഈ കൃപായുഗത്തിൽ ജീവിക്കുന്ന ഓരോ വിശ്വാസിയുടെയും ഉള്ളിൽ നിന്നും പുറപ്പെടുന്ന പ്രാർത്ഥനകളും സ്തോത്രയാഗവുമെല്ലാം പൂർണ്ണ വിശുദ്ധമായിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു.

“ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും” എന്ന് മത്തായി 5:8 ൽ പറയുന്നുവല്ലോ. മനുഷ്യർ പുറമെയുള്ളതു കാണുന്നു, എന്നാൽ ദൈവം ഓരോരുത്തരുടെയും ഹൃദയത്തെ ശോധന ചെയ്ത് അറിയുന്നവനാണ്. അതുകൊണ്ടു തന്നെ നമ്മുടെ ഹൃദയവിചാരങ്ങളും പ്രവർത്തികളും വിശുദ്ധി നിറഞ്ഞതായിരിക്കണം. നാം ആരോടെങ്കിലും ഹൃദയത്തിൽ അകൃത്യം കരുതിവെച്ചുകൊണ്ട് പ്രാർത്ഥിച്ചാൽ ദൈവം ഒരിക്കലും നമ്മുടെ പ്രാർത്ഥന കേൾക്കുന്നില്ല. എല്ലാവരോടും ഒരു കുറ്റമറ്റ മനസ്സാക്ഷിയോടെ ജീവിക്കുവാൻ നമുക്ക് സാധിക്കണം.

പ്രിയ ദൈവപൈതലേ, നിന്റെ ഹൃദയം ഏതെങ്കിലും വിധത്തിൽ അശുദ്ധമായിട്ടുണ്ടെങ്കിൽ ഇപ്പോൾത്തന്നെ സകല അശുദ്ധികളെയും കഴുകിക്കളയുന്ന യേശുവിന്റെ രക്തത്തിനാലുള്ള വിശുദ്ധീകരണം പ്രാപിക്കുക. നമ്മുടെ ദൈവം വിശുദ്ധനാകയാൽ നാമും വിശുദ്ധരായിരിക്കണമെന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നുവല്ലോ.

അനുദിനം നമ്മുടെ ജീവിതത്തെ പരിശോധിച്ച് കുറ്റങ്ങളും കുറവുകളുമെല്ലാം ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ് നിരപ്പുപ്രാപിക്കുകയും എല്ലാ മനുഷ്യരോടും കർത്താവിനുചിതമാംവണ്ണം വിശ്വസ്തത പുലർത്തുകയും ചെയ്യേണ്ടതാണ്. പുറമെയുള്ള പരിച്ഛേദനയല്ല വാസ്തവമായി നമ്മുടെ ഹൃദയങ്ങളെത്തന്നെ കീറിമുറിച്ചുകൊണ്ട് ദൈവസന്നിധിയോട് അടുത്തുചെല്ലണം.

സങ്കീർത്തനങ്ങൾ 34:18 ൽ "ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ; മനസ്സുതകർന്നവരെ അവൻ രക്ഷിക്കുന്നു." തകർന്നും നുറുങ്ങിയുമുള്ളൊരു ജീവിതത്തെ ഒരുനാളും ദൈവം തള്ളിക്കളയുകയില്ല. അവനിൽ പ്രസാദിക്കുകയും അനുഗ്രഹം ചൊരിയുകയും ചെയ്യും. ആയതിനാൽ നമ്മെ കളങ്കപ്പെടുത്തുന്നതായ എല്ലാറ്റിൽ നിന്നും മനഃപൂർവ്വമായി നാം വേർപെട്ടു നിൽക്കേണ്ടതായുണ്ട്. മനുഷ്യനെ പ്രീതിപ്പെടുത്തുന്നതിൽ ശ്രദ്ധിക്കാതെ ദൈവത്തെ പ്രീതിപ്പെടുത്തുവാൻ നാം കൂടുതലായി വിശുദ്ധിയിൽ ജീവിക്കേണ്ടതായുണ്ട്.

അതുകൊണ്ട് എല്ലാചതിവും വ്യാജഭാവവും അസൂയയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ വചനമെന്ന ശുദ്ധമായ പാൽ കുടിപ്പാൻ നമ്മുടെ ഹൃദയങ്ങളെ ഒരുക്കാം. ആത്മീകഗീതങ്ങളാലും സങ്കീർത്തനങ്ങളാലും സ്തുതികളാലും നമ്മുടെ ഹൃദയങ്ങളിൽ കർത്താവിനു പാടിയും സ്തോത്രം ചെയ്തുകൊണ്ടും എപ്പോഴും ആയിരിക്കാം. അപ്രാകരമുള്ള ശുദ്ധഹൃദയങ്ങളിൽ നിന്നും പകരപ്പെടുന്ന സ്തോത്രയാഗങ്ങളിൽ ദൈവം പ്രസാദിക്കുകതന്നെ ചെയ്യും.

സർവ്വശക്തനായ ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :
യോവേൽ 2:13

"വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെത്തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക് തിരിയുവിൻ; അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാ ദയയുമുള്ളവനല്ലോ; അവൻ അനർത്ഥത്തെക്കുറിച്ച് അനുതപിക്കും."

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 045